ശ്രീ. കെ. എം. മാണി : ഉത്തരം പറയാൻ ബുദ്ധിമുട്ടുള്ള ഒരു ചോദ്യമാണിത്. കഴിയുന്നതും വേഗം വെള്ളമെത്തിക്കണമെന്ന ആഗ്രഹമുണ്ട്.

ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട എന്റെ പഞ്ചായത്തുകൂടിയായ അങ്ങാടി പഞ്ചായത്തിൽ വാട്ടർ സപ്ലൈ സ്കീമിന്റെ പണിയൊന്നും നടക്കുന്നില്ല. എത്രയുംവേഗം അതിന്റെ പണി പൂർത്തിയാക്കി ശുദ്ധജലം എത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : അത് പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി : കേരള വാട്ടർ അതോറിറ്റി സാമ്പത്തിക കുഴപ്പത്തിലാണെന്നും അതുകൊണ്ട് നഗരപ്രദേശങ്ങളിൽ വിശേഷിച്ചും വെള്ളത്തിന്റെ കരം വർദ്ധിപ്പിച്ചാൽ അത് അമിതമായ സാമ്പത്തികഭാരം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കേണ്ടി വരുമെന്നും പത്രവാർത്തകൾ ഉണ്ടായിരുന്നു. പട്ടണങ്ങളിൽ വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡമെന്താണ് ?

ശ്രീ. കെ. എം. മാണി : ഇതു സംബന്ധിച്ച് 215-ാമത്തെ ചോദ്യം ഉണ്ട്. അത് ചോദിക്കുമ്പോൾ പറയാം. ഏതായാലും ഇതുവരെ അതിനുള്ള തീരുമാനമെടുത്തിട്ടില്ല.

ശ്രീ. രാഘവൻ പൊഴക്കടവിൽ : പീച്ചിയിൽ ആരംഭിച്ചിട്ടുള്ള വിലങ്ങന്നൂർ, ചെന്നായ്പ്പാറ എന്നീ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയായിട്ടും ശുദ്ധജല വിതരണം നടപ്പാക്കിയിട്ടില്ല. കഴിഞ്ഞ വേനൽ കാലത്ത് കൊടുക്കേണ്ടതായിരുന്നു. അടിയന്തിരമായി അവിടെ വെള്ളം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ഇതൊക്കെ അടിയന്തിര പ്രാധാന്യമർഹിക്കുന്നതാണ്. അടിയന്തിര സ്വഭാവത്തോടുകൂടി ഇതൊക്കെ പരിശോധിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : വാട്ടർ അതോറിറ്റി ഈ സാമ്പത്തികവർഷം എത്ര വാട്ടർ സപ്ലൈ സ്കീം എടുത്തു ? ബഹുമാനപ്പെട്ട രാമചന്ദ്രൻ നായരുടെ നിയോജകമണ്ഡലമായ ആലപ്പുഴയിലെ വാട്ടർ സപ്ലൈ സ്കീം വാട്ടർ അതോറിറ്റി ഏറ്റെടുക്കണമെന്ന് പറഞ്ഞ് മുൻസിപ്പാലിറ്റി പ്രമേയം പാസ്സാക്കിയിട്ട് അതോറിറ്റി അത് തള്ളിക്കളയുകയുണ്ടായി. അത് വീണ്ടും പുനപരിശോധിക്കുമോ ?

ശ്രീ. കെ. എം. മാണി : തള്ളിക്കളഞ്ഞത് സാങ്കേതികാടിസ്ഥാനത്തിലാണെങ്കിൽ അത് പുനപരിശോധിക്കാൻ ബുദ്ധിമുട്ടുവരും. എനിക്ക് അതിനെപ്പറ്റി അറിഞ്ഞുകൂടാ. ഞാൻ അത് പരിശോധിക്കാം.

സംസ്കൃത ഭാഷയുടെ അദ്ധ്യയന നിലവാരം

193. [213] ശ്രീ. കെ. ടി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. ഇ. ഇസ്മയിൽ :
,, കെ. ടി. കണാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ സംസ്കൃത ഭാഷ അവഗണിക്കപ്പെടുന്നതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്കൃത ഭാഷയുടെ അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഇ.മാരെ നിയമിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, എത്രപേരെ ഇതുവരെയായി നിയമിച്ചിട്ടുണ്ട് ;

(ഡി) ഈ നിയമനത്തിനുള്ള പൊതു മാനദണ്ഡം എന്ത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ലഭിച്ചതായിക്കാണുന്നില്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : നമ്മുടെ സംസ്ഥാനത്ത് സംസ്കൃത വിദ്യാഭ്യാസത്തിനുവേണ്ടി എത്ര കോളേജുകൾ ഉണ്ട് ; അത് ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് പറയാമോ ?

ശ്രീ. ടി. എം. ജേക്കബ് : കേരളത്തിൽ തിരുവനന്തപുരം, തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ സംസ്കൃത കോളേജുകൾ ഉണ്ട്. പട്ടാമ്പി ഗവർമെന്റ് സംസ്കൃത കോളേജിൽ സംസ്കൃത വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : ഈ കോളേജുകളിൽ ആവശ്യമായിട്ടുള്ള സ്റ്റാഫോ പഠനസൗകര്യങ്ങളോ ഇല്ലെന്ന് വളരെക്കാലമായിട്ടുള്ള ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് പറയുന്നു. ഈ സ്ഥാപനങ്ങൾ എങ്ങനെ നടക്കുന്നുവെന്നുള്ളതുസംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും വിവരമുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : തീർച്ചയായും ഗവൺമെന്റിന് വിവരമുണ്ട്. ഈ പറഞ്ഞ രണ്ടു സംസ്കൃത കോളേജുകളും സംസ്കൃത വിഭാഗവും വളരെ ഭംഗിയായിട്ടുതന്നെയാണ് പ്രവർത്തിക്കുന്നത്. അവിടെ ടീച്ചേഴ്സ് എല്ലാം ഉണ്ടെന്നാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അതിനെപ്പറ്റി പ്രത്യേകം അന്വേഷിക്കാം.

ശ്രീ. കെ. ഇ. ഇസ്മയിൽ : പട്ടാമ്പി സംസ്കൃത കോളേജിൽ സംസ്കൃത സാഹിത്യത്തിന്റെ ഫസ്റ്റ് ഗ്രേഡ് പ്രൊഫസറുടെ ഒഴിവ് അഞ്ചു മാസമായി നികത്താത്തതിനെത്തുടർന്ന് വിദ്യാർത്ഥികളുടെ സമരം ഇവിടെ നടക്കുകയാണ്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തതാണ്. നാളിതുവരെയായി അവിടെ ഫസ്റ്റ് ഗ്രേഡു സാഹിത്യ പ്രൊഫസറെ നിയമിച്ചിട്ടില്ല. അത് അടിയന്തിരമായി നിയമിച്ച് വിദ്യാർത്ഥികളുടെ സമരം ഒഴിവാക്കുന്നതിനും അദ്ധ്യയനം നടത്തുന്നതിനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : അവിടെ പ്രൊഫസറെ നിയമിച്ചുവെന്നാണ് എന്റെ ഓർമ്മയിൽനിന്ന് പറയാൻ കഴിയുന്നത്. അദ്ദേഹം ചാർജ് എടുക്കാത്തതാണെന്നാണ് ഞാൻ മനസിലാക്കുന്നത്. ഞാൻ അതേപ്പറ്റി വീണ്ടും അന്വേഷിക്കുന്നതാണ്.

ശ്രീ കെ. ഇ. ഇസ്മയിൽ : സംസ്കൃത ഭാഷയുടെ പ്രചരണത്തിനുവേണ്ടി നമ്മുടെ കേരള സംസ്ഥാനത്തിൽ ജീവാർപ്പണം ചെയ്ത പ്രവർത്തിച്ച യാളാണ് പാട്ടാമ്പി സംസ്കൃത കോളേജ് രൂപീകരിച്ച ശ്രീ. പുന്നശ്ശേരി നീലകണ്ഠശർമ്മ. അദ്ദേഹത്തിന്റെ സ്മാരകമായി കോളേജിന്റെ 75-ാം

LIBRARY ARCHIVES Kerala Legislative Assembly

വാർഷികമായോഷിക്കുന്ന സന്ദർഭത്തിൽ, സംസ്കൃത സർവ്വകലാശാല സ്ഥാപിക്കാൻ ഗവൺമെൻറ് തീരുമാനം എടുക്കുന്ന ഈ സന്ദർഭത്തിൽ അതിൻെറ സ്മാരകമായി പട്ടാമ്പിയിൽ ഈ സർവ്വകലാശാലയോടനുബന്ധമായി എന്തെങ്കിലും തുടങ്ങാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ; എന്തെങ്കിലുമുണ്ടെങ്കിൽ അതേപ്പറ്റി വിശദീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : കേരളത്തിൽ ഒരു സംസ്കൃത സർവ്വകലാശാല സ്ഥാപിക്കാനുള്ള തീരുമാനം ഗവൺമെൻറ് എടുത്തുകഴിഞ്ഞിട്ടുണ്ട്. അതിനാവശ്യമായ നിയമം നിർമ്മിച്ചുകഴിഞ്ഞിട്ടില്ല. നിയമനിർമ്മാണം പൂർത്തിയാക്കിയതിനുശേഷം സംസ്കൃത ഭാഷയ്ക്കുവേണ്ടി ഏതെല്ലാം ഭാഗങ്ങളിൽ പ്രത്യേകമായിട്ടുള്ള സംവിധാനമേർപ്പെടുത്തണമെന്നുള്ള കാര്യം ഗവൺമെൻറ് ആലോചിക്കുന്നതാണ്.

ശ്രീ. കെ. ടി. കണാരൻ : നമ്മുടെ സംസ്ഥാനത്ത് ഹൈസ്ക്കൂൾതലം വരെയുള്ള വിദ്യാഭ്യാസ രംഗത്ത് ഉർദു, അറബി, സംസ്കൃതം എന്നീ ഓരോ രംഗത്തും എത്ര ഭാഷാദ്ധ്യാപകൻമാർ പ്രവർത്തിക്കുന്നുണ്ടെന്ന് പറയാമോ ?

ശ്രീ. ടി. എം. ജേക്കബ് : മുഴുവൻ വിവരം ശേഖരിച്ചുപറയണമെങ്കിൽ അതിന് പ്രത്യേകമായൊരു ചോദ്യം വേണം.

ശ്രീ. കെ. ടി. കണാരൻ : നിരവധി ഗവൺമെൻറ് സംസ്കൃത സ്ക്കൂളുകളിൽ ഭാഷാദ്ധ്യാപകൻമാരുടെ ഒഴിവുകളുണ്ട്. ആ ഒഴിവുകൾ നികത്തപ്പെടുന്ന കാര്യത്തെ സംബന്ധിച്ച് പരിഗണനയും ശ്രദ്ധയുമുണ്ടാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ധ്യാപകൻമാരുടെ ഒഴിവുകൾ നികത്താനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മിഷൻ ഹാൻഡ്സിനെ ലഭ്യമല്ലെങ്കിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്താൻ വേണ്ടിയുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : പാലാഴി സുദർശനം ഹൈസ്ക്കൂളിൻെറ ഹെഡ്മാസ്റ്ററായിരുന്ന കൃഷ്ണവാര്യർ ഹിന്ദിയടക്കം ഇൻഡ്യയിലെ മറെറല്ലാ ഭാഷകളും പ്രാദേശിക ഭാഷകളാണെന്നും സംസ്കൃതമാണ് നമ്മുടെ ദേശീയഭാഷയെന്നുമുള്ള ഒരഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനെക്കുറിച്ച് ഗവൺമെൻറിൻെറ അഭിപ്രായമെന്താണ് ?

ശ്രീ. ടി. എം. ജേക്കബ് : നമ്മുടെ ഭാഷയെക്കുറിച്ചുള്ള തീരുമാനമെടുക്കേണ്ടത് കൃഷ്ണവാര്യരല്ല. അതിനുത്തരവാദപ്പെട്ട ആളുകളുണ്ട്. അവർ പറയുന്നതാണ് അതിൻെറ ആധികാരികമായ തീരുമാനം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഒരു ഹൈസ്ക്കൂളിലെ ഹെഡ്മാസ്റ്റർ ആധികാരികമായി രേഖപ്പെടുത്തിയിരിക്കുന്നതാണ്. നമ്മുടെ സംസ്കൃത സ്ക്കൂളുകളിൽ ഇത്തരം അദ്ധ്യാപകൻമാർ ഉണ്ട്. കൃഷ്ണവാര്യരുടെതന്നെ അഭിപ്രായങ്ങൾ ശ്രദ്ധിച്ചാൽ അദ്ദേഹത്തിൻെറ ഉറച്ച അഭിപ്രായങ്ങളാണ് ആ സ്ക്കൂളിൽ പഠിപ്പിക്കുന്നതെന്ന് മനസ്സിലാകും. ഈ കാലഘട്ടത്തിൽ വളരെ അപകടകാരികളായ തലതിരിഞ്ഞ ചിന്താഗതികൾ ഉണ്ട്. അതുകൊണ്ട് ഇത്തരം സ്ക്കൂളുകളിൽ എന്താണ് പഠിപ്പിക്കുന്നതെന്നും കുട്ടികളെ വളർത്തിക്കൊണ്ടുവരുന്നതെങ്ങനെയാണെന്നും ശ്രദ്ധിക്കാൻ ഒരേർപ്പാടുണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ഈ വാര്യരുടെ പല ചെയ്തികളെക്കുറിച്ചും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെത്തുടർന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ആ സ്കൂളിൽ പോകുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ചട്ടങ്ങൾക്ക് വിരുദ്ധമായി കൃഷ്ണവാര്യർ പെരുമാറിയിട്ടുണ്ടെങ്കിൽ അത് ഞങ്ങൾക്ക് ബോദ്ധ്യമായാൽ തീർച്ചയായും ഈ വാര്യരുടെ പേരിലും അദ്ദേഹത്തിന്റെ സ്കൂളിന്റെ പേരിലും നടപടി സ്വീകരിക്കുന്നതാണ്.

അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം

* 194. [214] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനത്തെ സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡം ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഇപ്പോൾ അദ്ധ്യാപകരായി ജോലി നോക്കുന്ന ഇത്തരം ആൾക്കാർക്ക് ഗവൺമെന്റ് നിരക്കിലുള്ള ശമ്പളവും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരം അദ്ധ്യാപകർക്ക് സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുമ്പോൾ ഈ സർവ്വീസുംകൂടി കണക്കാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഒരു നിശ്ചിത സർവ്വീസുള്ള അദ്ധ്യാപകരെ ഇത്തരം സ്കൂളുകളിൽനിന്നും പിരിച്ചയക്കാതിരിക്കാനുള്ള എന്തെങ്കിലും വ്യവസ്ഥ ഉണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത അദ്ധ്യാപകരുടെ ജോലിഭാരം കുറയ്ക്കുവാനും അവരുടെ ജോലിസ്ഥിരത ഉറപ്പുവരുത്തുവാനും കൂടുതൽ എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് ബാധകമായ എല്ലാ യോഗ്യതകളും അംഗീകൃത അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനും ബാധകമാണ്.

(ബി) അൺ എയിഡഡ് വിദ്യാലയങ്ങളിലെ സ്റ്റാഫിന്റെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് സർക്കാർ യാതൊരു ചട്ടങ്ങളും ഉണ്ടാക്കിയിട്ടില്ല.

(സി) പരിഗണനയിലിരിക്കുകയാണ്.

(ഡി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഇ) ഇല്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ : സംസ്ഥാനത്ത് അൺ എയിഡഡ് സ്കൂളുകളിലെ ആയിരക്കണക്കിന് അദ്ധ്യാപകൻമാർക്ക് തുച്ഛമായ ശമ്പളമാണ് ഇപ്പോൾ നൽകുന്നത്. ഇവരെ മാനേജുമെന്റ് ഇഷ്ടംപോലെ പിരിച്ചുവിടുകയും ചെയ്യുന്നുണ്ട്. ഇവർക്ക് ന്യായമായ ശമ്പളവും ജോലി സ്ഥിരതയും കൊടുപ്പിക്കുന്നതിനുവേണ്ടി സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly